മൗണ്ട് കാർമ്മൽ വിദ്യാനികേതൻ സ്കൂളിന്റെയും അദ്ധ്യാപക രക്ഷകർത്തൃ സമിതിയുടെയും അഭിവാദനങ്ങൾ. സ്കൂൾ അധികൃതരുടെയും, അദ്ധ്യാപകരുടെയും, രക്ഷാകർത്താക്കളുടെയും, വിദ്യാർത്ഥികളുടെയും കൂട്ടായ പ്രവർത്തനവും സഹകരണവും സ്കൂളിന്റെ മുന്നോട്ടുള്ള സുഗമമായ പ്രവർത്തനത്തിനും പുരോഗതിക്കും വിദ്യാർത്ഥികളുടെ ഉയർന്ന പഠന നിലവാരത്തിനും അത്യന്താപേക്ഷിതമാണ്. ഈ അദ്ധ്യായന വർഷം സ്കൂളിന്റെ ആദ്യത്തെ അദ്ധ്യാപക രക്ഷകർത്തൃ സമിതി രൂപീകൃതമായ കാര്യം നിങ്ങൾക്ക് എല്ലാം അറിയാമല്ലോ. ഈ സ്കൂളുമായും അദ്ധ്യാപക രക്ഷകർത്തൃ സമിതിയുമായും സഹകരിച്ച് മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ ഫലവത്താകാൻ എല്ലാവരും പരിശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സ്കൂൾ മുൻവശത്തുള്ള റോഡിന്റെയും മുനിസിപ്പാലിറ്റി ഓടയുടെയും പ്രശ്നങ്ങൾ അധികാരികളെ അറിയിക്കുവാനും അതിനു പരിഹാരം കണ്ടെത്തുവാനും പി.ടി.എ. ക്ക് കഴിഞ്ഞിട്ടുണ്ട്.

അദ്ധ്യാപകരുടെയും, രക്ഷകർത്തൃക്കളുടെയും, കുട്ടികളുടെയും ഉന്നമനം ലക്ഷ്യം വെച്ച് അനേകം പദ്ധതികൾ അദ്ധ്യാപക രക്ഷകർത്തൃ സമിതി നിങ്ങളുടെയെല്ലാം സഹകരണത്തോടെ ഭാവിയിൽ വിഭാവനം ചെയ്യുന്നതാണ്. അതിന്റെ തുടക്കം എന്ന നിലയിൽ 4-ാം ക്ലാസ്സ് മുതൽ 9-ാം ക്ലാസ്സുവരെയുള്ള വിദ്യാർത്ഥികൾക്കും എല്ലാ ക്ലാസ്സുകളിലുമുള്ള വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾക്കുമായി റോഡപകട പ്രഥമ ശുശ്രൂഷ സെമിനാർ 30-11-07, വെള്ളിയാഴ്ച രാവിലെ 9 മുതൽ 12.30 മണി വരെ സ്കൂൾ മെയിൻ ഓഡിറ്റോറിയത്തിൽ നടത്തപ്പെടുന്നതാണ്. പ്രസ്തുത സെമിനാറിന്റെ ഉത്ഘാടനം 9 മണിയ്ക്ക് മുൻ സുപ്രീം കോടതി ജസ്റ്റിസ് പത്മ ഭൂഷൺ കെ.റ്റി. തോമസ് നിർവ്വഹിക്കുന്നതാണ്. ഈ സെമിനാറിൽ കേരളത്തിലെ അസ്ഥിരോഗ വിദഗ്ധരുടെ സംഘടനയുടെ സംസ്ഥാന ഐ.റ്റി. സെക്രട്ടറിയായ ഡോ. ജിമ്മി എം.എൽ. (മൊബൈൽ: 9446441698), ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എമർജൻസി മെഡിക്കൽ സർവ്വീസസിലെ പരിശീലകർ എന്നിവർ റോഡപകടങ്ങൾ വരാതിരിക്കാൻ പാലിക്കേണ്ട മെഡിക്കൽ കാര്യങ്ങളെക്കുറിച്ചും അപകടത്തിൽപ്പെട്ടവരുടെ ജീവൻ രക്ഷിക്കാൻ നൽകേണ്ട പ്രഥമ ശുശ്രൂഷകളെക്കുറിച്ചും കമ്പ്യൂട്ടർ, എൽ.സി.ഡി. പ്രൊജക്ടർ, മോഡലുകൾ, മാൻകിനുകൾ എന്നിവയുടെ സഹായത്തോടെ ക്ലാസ്സെടുത്ത് പരിശീലനം നൽകുന്നതാണ്. റോഡപകടങ്ങൾ കാരണമല്ലാതെ വരുന്ന സാധാരണ കാണുന്ന തലചുറ്റൽ, തീപ്പൊള്ളൽ, വിഷബാധ, പാമ്പുകടി, ഹൃദയാഘാതം മുതലായ അത്യാഹിതങ്ങൾക്കായി ചെയ്യേണ്ട പ്രഥമ ശുശ്രൂഷകളെക്കുറിച്ചും ശ്വാസോഛ്വാസവും ഹൃദയ പ്രവർത്തനവും നിലച്ചാൽ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ചും ക്ലാസ്സെടുക്കുന്നതാണ്.

റോഡപകടങ്ങളും മറ്റു അത്യാഹിതങ്ങളും വർദ്ധിച്ചു വരുന്ന ഈ സാഹചര്യത്തിൽ അപകടങ്ങളുമായി ബന്ധപ്പെട്ടതും അല്ലാതെയുമുള്ള പ്രഥമശുശ്രൂഷകൾ എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. ഈ അവസരം ഉപയോഗപ്പെടുത്തി ഇതിൽ പങ്കെടുത്ത് വിജയപ്പിക്കണമെന്ന് എല്ലാ രക്ഷാകർത്തൃക്കളോടും അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ ഇതുവരെയുള്ള എല്ലാ സഹായങ്ങൾക്കും, പ്രോത്സാഹനങ്ങൾക്കും, സഹകരണങ്ങൾക്കും നന്ദി പറഞ്ഞു കൊണ്ടും, തുടർന്നും അതെല്ലാം പ്രതീക്ഷിച്ചു കൊണ്ടും നിർത്തുന്നു. നന്ദി, നമസ്ക്കാരം.

പി.ടി.എ. പ്രസിഡന്റ് | പി.ടി.എ. സെക്രട്ടറി